# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1709

7/3/2018-ൽ മറുപടിക്ക്

## ആരോഗ്യ ജാഗ്രത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) അടുത്ത മഴക്കാലത്തിന് മുമ്പായി നാടും നഗരവും ശുചീകരിച്ച് പകർച്ച വ്യാധികളെ അകറ്റാനുള്ള സംസ്ഥാന സർക്കാരിന്റെ സമഗ്ര പകർച്ച വ്യാധി പ്രതിരോധ പരിപാടിയായ 'ആരോഗ്യ ജാഗ്രത'യുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എ) വിവിധ പകർച്ചവ്യാധികൾ എല്ലാ മാസങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ കർമ്മപരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യവകുപ്പ്, ആർദ്രം മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളും ഏജൻസികളുമായി ചേർന്ന് ജനുവരി മുതൽ ഡിസംബർ വരെ നടത്തുന്ന ആരോഗ്യബോധവൽക്കരണ പ്രതിരോധ നിയന്ത്രണ പരിപാടിയാണ് ആരോഗ്യജാഗ്രത. ഇതിനുള്ള മുന്നൊരുക്കങ്ങൾ 2017 ഒക്ടോബർ മാസം മുതൽ ആരംഭിക്കുകയുണ്ടായി. 2018 ജനുവരി മുതൽ ഡിസംബർ വരെ നടപ്പിലാക്കേണ്ട പ്രവർത്തന കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്.<br>ജനുവരി 1- ന് തിരുവനന്തപുരത്ത് ടാഗോർ തീയേറ്ററിൽ വച്ച് ബഹു.മുഖ്യമന്ത്രി ആരോഗ്യജാഗ്രതയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ഓരോ ജില്ലയുടെയും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, ജില്ലാ കളക്ടർമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് യോഗങ്ങൾ നടത്തുകയുണ്ടായി. ജനുവരി 17,18,31 തീയതികളിൽ ആരോഗ്യവകുപ്പ് 'കില'-യുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ, സെക്രട്ടറി തുടങ്ങിയവർക്ക് വെർച്ചൽ കോൺഫറൻസ് നടത്തി ആരോഗ്യജാഗ്രത സംബന്ധിച്ച് നേതൃത്വ ബോധവൽക്കരണം |

നടത്തുകയുണ്ടായി. അതോടൊപ്പം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗരസഭാ തലങ്ങളിലും, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഹരിതകേരളം, ശുചിത്വമിഷൻ, കുടുംബശ്രീ പ്രവർത്തകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

ജനുവരി 21-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും ആഭിമുഖ്യത്തിൽ മന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാർ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരോഗ്യ കർമ്മസേന വാർഡ്തല ശുചിത്വസമിതി അംഗങ്ങൾ സംസ്ഥാനത്തെ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും പകർച്ചവ്യാധികൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു. തുടർ ദിവസങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തി.

2018 ജനുവരി 23 മുതൽ 25 വരെ തദ്ദേശസ്വയംഭരണ സ്ഥാപനതല പ്രത്യേക യോഗം നടത്തി. ജനുവരി 24-30 തീയതികളിൽ പ്രത്യേക ഗ്രാമസഭയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും നടത്തുകയുണ്ടായി. ജനുവരി 27-31 തീയതികളിൽ ആരോഗ്യശുചിത്വ പോഷണ സമിതി പ്രത്യേക യോഗവും ശുചിത്വ മാപ്പിംഗിനു വേണ്ടിയുള്ള വാർഡ് ലെവൽ മൈക്രോപ്ലാൻ തയ്യാറാക്കലും നടത്തി. ഫെബ്രുവരി 1 മുതൽ 5 വരെ ശുചിത്വമാപ്പിംഗ് നടത്തി. ഫെബ്രുവരി 6-11 തീയതികളിൽ ആരോഗ്യശുചിത്വ പോഷണ സമിതി യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള വാർഡ് തല കർമ്മപദ്ധതി തയ്യാറാക്കി. ഫെബ്രുവരി 16 മുതൽ വാർഡ് തല ആരോഗ്യജാഗ്രത ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ ഗാർഹിക സ്ഥാപനതലത്തിൽ ആരംഭിച്ചു മാർച്ച് ആദ്യവാരം വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മാർച്ച് മാസം മുതൽ എല്ലാ മാസവും ആഴ്ചയിലൊരിക്കൽ ആരോഗ്യജാഗ്രത ദിനാചരണം (ഡ്രൈഡേ) വെള്ളിയാഴ്ച സ്കൂളുകളിൽ, ശനിയാഴ്ച ഓഫീസുകളിൽ, ഞായറാഴ്ച വീടുകളിലും

പൊതുസ്ഥലങ്ങളിലും എന്നിങ്ങനെ നടത്തുവാൻ തീരുമാനിച്ചു ജനുവരി മുതൽ മാർച്ച് വരെ ഹരിത കർമ്മസേന - എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രവർത്തനം സുസ്ഥിരമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ജനുവരി മുതൽ ഏപ്രിൽ വരെ നഗരസഭകൾക്കുവേണ്ടി പ്രത്യേക പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മേയ് മുതൽ ഡിസംബർ വരെ ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ നഗര, ഗ്രാമപ്രദേശങ്ങളിൽ വാർഡ്തല ആരോഗ്യശുചിത്വ പോഷണസമിതിയും ആരോഗ്യകർമ്മ സേന, ഹരിതകർമ്മ സേന, കുടുംബശ്രീ അംഗങ്ങളുടെയും സഹായത്തോടെ സംയുക്തമായി നടത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**